പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4041** | **16.12.2014-ൽ മറുപടിയ്ക്ക്**

## കാസർഗോട്ടെ ഗ്രാമങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തുകളായ കുറ്റിക്കോൽ. ബേഡഡുക്ക, ദേലമ്പാടി, പനത്തടി എന്നിവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ബി) കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തുകളായ കുറ്റിക്കോൽ, ബേഡഡുക്ക, ദേലമ്പാടി, പനത്തടി എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാരിന്റെ 676 ദിന കർമ്മ പദ്ധതിയിൽഉൾപ്പെടുത്തി 10.475 കി.മീ 11 കെ.വി ലൈൻവലിക്കുകയും 14 ട്രാൻസ്ഫോർമറുകൾസ്ഥാപിക്കുകയും 27.949 കി.മീ. എൽ.റ്റി ലൈൻവലിക്കുകയും 24.334 കി.മീ സിംഗിൾഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ടി പ്രദേശങ്ങളിൽ സിസ്റ്റം ഇമ്പ്രൂവ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി 4.25 കി.മീ. 11 കെ.വി ലൈൻ വലിക്കുകയും ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും 2.9 കി.മീ. കൺവർഷൻ പ്രവൃത്തികൾ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ മേൽ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി രാജപുരത്ത് ഒരു 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ നിർമ്മാണത്തിനനുയോജ്യമായ സ്ഥലം അന്വേഷിച്ചു വരുന്നതുമാണ്. കൂടാതെ നിലവിലുള്ള ബേലൂർ 33 കെ.വി സബ്സ്റ്റേഷനിൽ ഒരു 5 എം.വി.എ ട്രാൻസ്ഫോർമർ കൂടി സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**